ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾ അവയുടെ നിർമ്മാതാക്കൾ അനുശാസിക്കുന്ന രീതിയിലും കാലയളവിലും ചെയ്യുവരുന്നു. എങ്കിലും അപൂർവ്വമായി അപകടങ്ങൾ സംഭവിക്കാറുണ്ട്. പ്രസ്തുത അപകടങ്ങളുടെ കാരണങ്ങൾ കണ്ടെത്തി വിശദമായി അവലോകനം ചെയ്യുകയും അവ ഭാവിയിൽ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലുകളെടുക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ, സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ മാനദണ്ഡപ്രകാരം 35 വർഷത്തിലധികം പഴക്കമുള്ള ജനറേറ്റിംഗ് സ്റ്റേഷനുകളിലെ യന്ത്രസമഗ്രികളുടെ ശിഷ്ടകാല ആയുർദൈർഘ്യ പഠനം നടത്തി നവീകരിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. ഇതനുസരിച്ച് പള്ളിവാസൽ, ചെങ്കുളം, പന്നിയാർ, നേര്യമംഗലം, ശബരിഗിരി, പൊരിങ്ങൽക്കുത്ത് എന്നീ സ്റ്റേഷനുകളുടെ നവീകരണം ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ഷോളയാർ, ഇടുക്കി ഒന്നാം ഘട്ടം എന്നീ പദ്ധതികളുടെ നവീകരണത്തിനുള്ള ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്. കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ നവീകരണത്തിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

കൂടംകുളം ആണവ നിലയം

31 (376) ശ്രീ. കെ. മുരളീധരൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂടംകുളം ആണവ നിലയത്തിൽനിന്ന് സംസ്ഥാനത്തിന് ലഭിക്കേണ്ടത് എത്ര മെഗാവാട്ട് വൈദ്യുതി ആണ്; വിശദമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച കരാർ ഒപ്പ് വച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) കൂടംകുളം ആണവ വൈദ്യുതി നിലയത്തിൽനിന്ന് സംസ്ഥാനത്തിന്റെ വിഹിതം ലഭിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2000 മെഗാവാട്ട് (1000 മെഗാവാട്ടിന്റെ രണ്ട് യൂണിറ്റ്) സ്ഥാപിത ശേഷിയുള്ള കൂടംകുളം നിലയത്തിൽനിന്നും കെ.എസ്.ഇ.ബി. ലിമിറ്റഡിന് അർഹമായ വിഹിതം 266 മെഗാവാട്ട് (13.3 ശതമാനം) ആണ്. ഇപ്പോൾ പ്രവർത്തനക്ഷമമായിട്ടുള്ള 1000 മെഗാവാട്ടിന്റെ ഒരു യൂണിറ്റിൽനിന്നും 133 മെഗാവാട്ട് വൈദ്യുതി ലഭിച്ചുവരുന്നു.

(ബി) ഉണ്ട്. കൂടംകുളം ആണവനിലയത്തിൽനിന്നുള്ള വൈദ്യുതി ലഭ്യമാക്കുന്നതിന് 15-11-2013-ന് ന്യൂക്ലിയർ പവർ കോർപ്പറേഷനുമായി (NPCIL) കെ.എസ്.ഇ.ബി. ലിമിറ്റഡ് കരാർ ഒപ്പിട്ടിട്ടുണ്ട്.

(സി) കൂടംകുളം ആണവനിലയത്തിൽനിന്നും കേരളത്തിനർഹതപ്പെട്ട വൈദ്യുതി വിഹിതം (266 മെഗാവാട്ട്) ലഭ്യമാക്കുന്നതിനുവേണ്ടിയാണ് തിരുനെൽവേലി മുതൽ തൃശ്ശൂർ മാടക്കത്തറവരെ 400 കെ.വി. ലൈൻ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. ടി ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പവർ ഗ്രിഡ് കോർപ്പറേഷൻ (PGCIL) ആണ് നടപ്പിലാക്കുന്നത്. ടി ലൈൻ റൂട്ടിൽ ഇടമൺ മുതൽ കൊച്ചി ഈസ്റ്റ് (പള്ളിക്കര) വരെയുള്ള ഭാഗംഒഴിച്ച് തിരുനെൽവേലിമുതൽ ഇടമൺവരെയും മാടക്കത്തറമുതൽ പള്ളിക്കര വരെയുമുള്ള 400 കെ.വി. ലൈൻ നിർമ്മാണവും പള്ളിക്കരയിൽ ഒരു 400 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. ഇടമൺ-കൊച്ചി ലൈൻ റൂട്ടിലെ തദ്ദേശവാസികളുടെ തർക്കങ്ങൾ പരിഹരിച്ച് പണി ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത ലൈൻ നിർമ്മാണ പ്രവൃത്തികളിൽ PGCIL-നെ സഹായിക്കുന്നതിനായി തിരുവല്ല ആസ്ഥാനമാക്കി കെ.എസ്.ഇ.ബി.എൽ. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക ടാസ്ക്ഫോഴ്സും രൂപവൽക്കരിച്ചിട്ടുണ്ട്.

മൂലമറ്റം പവർ ഹൗസ്

32 (377) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂലമറ്റം പവർ ഹൗസിൽ അടിക്കടിയുണ്ടാകുന്ന കേടുപാടുകൾ ഒഴിവാക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കേടുപാടുകൾ ത്വരിതഗതിയിൽ പരിഹരിക്കുന്നതിലേക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അടിയന്തര നിർദ്ദേശം നൽകുമോ ;

(സി) മൂലമറ്റം പവർഹൗസിലെ ജീവനക്കാരുടെ സുരക്ഷയ്ക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ?